ARCHEPARCHY OF KOTTAYAM
CATHOLIC METROPOLITAN'S HOUSE
P.B NO. 71, KOTTAYAM-686 001
KERALA, INDIA

3-12-2025

ആരാധനക്രമ വർഷാരംഭം

പ്രിയ ബഹു. അച്ചാ,

2025 നവംബർ 30-ാം തീയതി ഞായറാഴ്ച മുതൽ സീറോ മലബാർ സഭ പുതിയ ആരാധനക്രമ വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. അഭിവന്ദ്യ പിതാവിന്റെ ഇടയലേഖനം ഇതിനോടകം പള്ളിയിൽ വായിക്കുകയും ചെയ്തിരിക്കുമല്ലോ. ആരാധനക്രമ വർഷത്തിലെ കാലങ്ങളിലൂടെ മിശിഹായുടെ രക്ഷണീയ കർമ്മങ്ങളെ അനുസ്മരിക്കുവാനും ആഘോഷിക്കുവാനും നമുക്ക് സാധിക്കട്ടെ. നമ്മുടെ അതിരൂപതയിലെ ദൈവാരാധനയുമായി ബന്ധപ്പെട്ട ഏതാനും ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു.

1. മംഗളവാർത്തക്കാലത്തിന്റെ ആദ്യദിനം മുതൽ ഓശാന ഞായർ ഉൾപ്പടെയുള്ള ദിവസങ്ങളിൽ രണ്ടാമത്തെ കൂദാശക്രമത്തിലാണ് (തെയദോറിന്റെ കൂദാശക്രമം) പരിശുദ്ധ കുർബാന അർപ്പിക്കേണ്ടത്.
2. ആരാധന വർഷത്തിലെ അഞ്ച് ദിവസങ്ങളിൽ മൂന്നാമത്തെ കൂദാശക്രമത്തിൽ (മാർ നെസ്തോറിയസിന്റെ കൂദാശക്രമം) പരിശുദ്ധ കുർബാന അർപ്പിക്കണം. ദനഹാതിരുനാൾ, മൂന്നു നോമ്പിന്റെ ബുധനാഴ്ച, മാർ യോഹന്നാൻ മംദാനയുടെ വെള്ളി, ഗ്രീക്ക് മല്പാന്മാരുടെ വെള്ളി, പെസഹാവ്യാഴം എന്നിവയാണ് ആ ദിനങ്ങൾ.
3. നവംബർ 30 ന് ആരംഭിക്കുന്ന ആരാധനവർഷത്തിൽ രണ്ടാംഗണം വായനകളാണ് വിശുദ്ധ കുർബാനയിൽ നാം ഉപയോഗിക്കുന്നത്. രണ്ടാംഗണം വായനകൾ ഉൾക്കൊള്ളുന്ന പ്രഘോഷണഗ്രന്ഥങ്ങൾ സീറോമലബാർസഭ പ്രസിദ്ധീകരിച്ചിട്ടുള്ളതും കോട്ടയം ജ്യോതി ബുക്ക് ഹൗസിൽ ലഭ്യവുമാണ്.

ഫാ. തോമസ് ആനിമൂട്ടിൽ
പ്രോ-പ്രോട്ടോ സിഞ്ചെല്ലൂസ്